# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4675** — **29-06-2012 ൽ മറുപടിയ്ക്ക്**

## നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിൽ ഇപ്പോൾ നെൽകൃഷി ചെയ്യുന്ന ആകെ സ്ഥലത്തിന്റെ വിസ്തൃതിയും കഴിഞ്ഞ 15 വർഷങ്ങളിലെ ഓരോ വർഷത്തെയും വിസ്തൃതിയും വ്യക്തമാക്കാമോ; | (എ) ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിന്റെ കണക്കുകൾ പ്രകാരം 2010-11 വർഷം, സംസ്ഥാനത്തെ നെൽകൃഷി വിസ്തൃതി മൂന്നുവിളകളിലുമായി 213187 ഹെക്ടർ ആണ്. 2011-12 വർഷത്തെ കണക്കുകൾ പൂർത്തിയായി വരുന്നതേയുള്ളൂ. കഴിഞ്ഞ 15 വർഷത്തെ (മൂന്നു വിളകൾക്കുമായുള്ള) വിസ്തൃതി ചുവടെ ചേർക്കുന്നു. |

| വർഷം | വിസ്തൃതി (ഹെക്ടർ) |
|---|---|
| 1995- 96 | 471150 |
| 1996 - 97 | 430826 |
| 1997- 98 | 387122 |
| 1998 - 99 | 352651 |
| 1999 - 2000 | 349774 |
| 2000 - 01 | 347455 |
| 2001- 02 | 322368 |
| 2002- 03 | 310521 |
| 2003- 04 | 287340 |
| 2004- 05 | 289974 |
| 2005- 06 | 275742 |
| 2006 - 07 | 263529 |
| 2007 - 08 | 228938 |
| 2008 - 09 | 234265 |
| 2009- 10 | 234014 |

(ബി) നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി ഇത്തരത്തിൽ കുറയുന്നതു മൂലമുണ്ടാകുന്ന പ്രതിസന്ധിക്ക് പരിഹാര മായി എന്തൊക്കെ നടപടി കളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കുമോ;

(ബി) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം നെൽ വയലുകൾ മറ്റ് ആവശ്യങ്ങൾ ക്കായി പരിവർത്തനപ്പെടുത്തുന്നത് സംബന്ധി ച്ചുള്ള വിവരങ്ങൾ കൃഷി ആഫീസർ, റവന്യൂ ഡിവിഷണൽ ആഫീസറെ അറിയിക്കുകയും ആർ.ഡി.ഒ തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്. ഇതു കൂടാതെ നെൽകൃഷിയിൽ കർഷകരെ പിടിച്ചു നിർത്തുന്ന തിനായി 12538.5 ലക്ഷം രൂപയുടെ നെൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(സി) സർക്കാർ നിരോധന മുണ്ടായിട്ടും കൃഷിസ്ഥലങ്ങൾ മണ്ണിട്ടു നികത്തുകയും ഇത് പിന്നീട് കാർഷികേതര ഭൂമി യായി മാറ്റുകയും ചെയ്യുന്ന നടപടിക്കെതിരെ നിയമപര മായി എന്തൊക്കെ ചെയ്യാ നാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കൃഷിസ്ഥലങ്ങൾ മണ്ണിട്ടു നികത്തുകയും ഇത് പിന്നീട് കാർഷികേതര ഭൂമി യായി മാറ്റുകയും ചെയ്യുന്ന നടപടി യ്ക്കെതിരെ 2008 ലെ കേരള നെൽവയൽ തണ്ണീർത്തട നിയമപ്രകാരം നിയമപരമായി നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) നെൽകൃഷി പ്രോത്സാഹിപ്പിക്കു ന്നതിനും, യന്ത്രവൽകൃത കൃഷിരീതി വ്യാപകമാക്കുന്ന തിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ?

(ഡി) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്ന തിനായി 2011- 12 വർഷം സംസ്ഥാന ഭക്ഷ്യസുരക്ഷ പദ്ധതി പ്രകാരമുള്ള വിവിധ പദ്ധതികൾ സുസ്ഥിര നെൽകൃഷി വികസന പദ്ധതി, മാക്രോ മാനേജ്മെന്റ് നെൽകൃഷി വികസന പദ്ധതി, ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി, നെൽകൃഷി ക്കാർക്കുള്ള ഉല്പാദന ബോണസ് പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി എന്നിവ നടപ്പി ലാക്കിയിട്ടുണ്ട്. 2012- 13 വർഷം കരനെൽകൃഷി പ്രത്യേക നെല്ലിന ങ്ങളുടെ പദ്ധതി, ആർ.കെ.വി.വൈ പ്രകാരം തരിശ്ശുനിലകൃഷി, മാക്രോ മാനേജ് മെന്റ് നെൽകൃഷി വികസന പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു.

കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2010- 11, 2011- 12 എന്നീ വർഷങ്ങളിലെ വടക്കാഞ്ചേരി മോഡൽ പദ്ധതി പ്രകാരം സംസ്ഥാനത്തെ 12 ബ്ലോക്കുകളിൽ തൊഴിൽസേന രൂപീകരിച്ച് പരിശീലനം നൽകുന്നതിനും ആധുനിക കാർഷിക ഉപകരണങ്ങൾ വാങ്ങി കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതുൾപ്പെടെ, ഒരു ബ്ലോക്കിന് 41 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഇതിനു പുറമേ വയനാട് ജില്ലയിൽ സുഗന്ധ നെല്ലിന വികസന പദ്ധതി പ്രകാരം 2010- 11, 2011- 12 വർഷങ്ങളിൽ കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി 35 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ